## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5754** **08-07-2024 - ൽ മറുപടിയ്ക്ക്**

## ഐ.സി.ഡി.എസ്.പ്രോജക്ടുകളിലെ ജീവനക്കാരുടെ ശമ്പള പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ ജീവനക്കാരുടെ ശമ്പളം 2024 ജൂൺ മാസം മുതൽ മാറി നൽകേണ്ടതില്ലെന്ന് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത്തരം ഒരു നിർദ്ദേശം നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) | **(എ) ഇല്ല** |
| (ബി) | ഐ.സി.ഡി.എസ്.പ്രോജക്ടുകളിലെ ജീവനക്കാരുടെ ശമ്പളയിനത്തിൽ കേന്ദ്രസർക്കാർ നൽകിയിരുന്ന വിഹിതം പൂർണ്ണമായും നിർത്തലാക്കിയിട്ടുള്ളതുമൂലം ജീവനക്കാരുടെ ശമ്പള വിതരണത്തിൽ വന്നിട്ടുള്ള പ്രതിസന്ധി എപ്രകാരമാണ് മറികടക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | (ബി) അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതിയിലുൾപ്പെടുത്തി ശമ്പളം അനുവദിച്ചിരുന്ന ജീവനക്കാരുടെ സാലറി ഇനത്തിലെ 25% കേന്ദ്ര വിഹിതം തുക 2023-24 സാമ്പത്തിക വർഷം മുതൽ നിർത്തലാക്കിയിട്ടുണ്ട്. 2023-24സാമ്പത്തിക വർഷം മുതൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും ശമ്പളം അനുവദിച്ച് വരുന്നു. കേന്ദ്ര വിഹിതം തുക പുന:സ്ഥാപിക്കുന്നതിന് ആവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിൽ നിന്നും, വനിതാ ശിശു വികസന കാര്യാലയത്തിൽ നിന്നും കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ ഐ.സി.ഡി.എസ്.പ്രോജക്ടുകളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (സി) | (സി) നിലവിൽ ഐ.സി.ഡി.എസ് പ്രോജക്ടു കളിലെ ജീവനക്കാരുടെ ശമ്പളം പൂർണ്ണമായും സംസ്ഥാന സഞ്ചിത നിധിയിൽ നിന്നുമാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ